**കേരള സർക്കാർ**

തദ്ദേശസ്വയംഭരണ വകുപ്പ് - ബാത്ത്റൂമിൽ നിന്നുള്ള മലിന ജലം പി.വി.സി പൈപ്പ്, സോക്ക് പിറ്റ്, എയർ പൈപ്പ് എന്നിവ സ്ഥാപിച്ച് മണ്ണിലേക്ക് വിടുന്ന സംവിധാനം സ്ഥാപിക്കുന്നതിനുള്ള പദ്ധതിക്ക് 50 ശതമാനം സബ്സിഡി നൽകി നടപ്പിലാക്കുന്നതിന് അടിമാലി ഗ്രാമ പഞ്ചായത്തിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ (ഡി.സി) വകുപ്പ്**

സ.ഉ.(സാധാ)നം.3259/2018/തസ്വഭവ തിരുവനന്തപുരം, തീയതി 28.12.2018

---

പരാമർശം :- 1) അടിമാലി ഗ്രാമ പഞ്ചായത്ത് പ്രസിഡന്റിന്റെ 22.10.2018 ലെ A3/10900/2017 നമ്പർ കത്ത്
2) ഇടുക്കി ജില്ലാ പ്ലാനിങ് ഓഫീസറുടെ 09.11.2018 ലെ കത്ത്
3) 31.11.2018 ൽ നടന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റിയുടെ പ്രത്യേക വിഷയങ്ങളിൽ തീരുമാനം നമ്പർ 4.15

**<u>ഉത്തരവ്</u>**

ബാത്ത്റൂമിൽ നിന്നുള്ള മലിന ജലം പി.വി.സി പൈപ്പ്, സോക്ക് പിറ്റ്, എയർ പൈപ്പ് എന്നിവ സ്ഥാപിച്ച് മണ്ണിലേക്ക് വിടുന്ന സംവിധാനം സ്ഥാപിക്കുന്നതിനുള്ള പദ്ധതിക്ക് (പ്രോജക്ട് നമ്പർ **30/18**, അടങ്കൽ **9,38,000/- രൂപ**) **50 ശതമാനം** സബ്സിഡി നൽകി നടപ്പിലാക്കുന്നതിന് അനുമതി നൽകണമെന്ന് അടിമാലി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് പരാമർശം(1) പ്രകാരം ആവശ്യപ്പെട്ടിരുന്നു. അടിമാലി ഗ്രാമപഞ്ചായത്തിന്റെ പ്രസ്തുത പ്രോജക്ടിന് പ്രത്യേക അനുമതി നൽകുന്നതിന് പരാമർശം (3) പ്രകാരം തീരുമാനിച്ചിട്ടുണ്ട്.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ബാത്ത്റൂമിൽ നിന്നുള്ള മലിന ജലം പി.വി.സി പൈപ്പ്, സോക്ക് പിറ്റ്, എയർ പൈപ്പ് എന്നിവ സ്ഥാപിച്ച് മണ്ണിലേക്ക് വിടുന്ന സംവിധാനം സ്ഥാപിക്കുന്നതിനുള്ള അടിമാലി ഗ്രാമ പഞ്ചായത്തിന്റെ പ്രസ്തുത പദ്ധതി, പരമാവധി യൂണിറ്റ് ചെലവ് 10000/- രൂപയായി നിജപ്പെടുത്തി, **50 ശതമാനം** സബ്സിഡി നൽകി നടപ്പിലാക്കുന്നതിന് പരാമർശം (3)-ന്റെ അടിസ്ഥാനത്തിൽ പ്രത്യേക അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)
**സിന്ധു. എൽ**
**സ്പെഷ്യൽ സെക്രട്ടറി**

ജില്ലാ പ്ലാനിംഗ് ഓഫീസർ, ഇടുക്കി
പ്രസിഡന്റ്/സെക്രട്ടറി, അടിമാലി ഗ്രാമപഞ്ചായത്ത്
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ, തിരുവനന്തപുരം
ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്, പ്ലാനിങ് ബോർഡ്, പട്ടം, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഡയറക്ടർ, ഐ&പി.ആർ.ഡി/ വെബ് & ന്യൂ മീഡിയ, തിരുവനന്തപുരം
കരുതൽ ഫയൽ/ ഓഫീസ് കോപ്പി
തദ്ദേശ സ്വയം ഭരണ (DA)വകുപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ